പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1863 10.03.2020 ൽ മറുപടിക്ക്

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ പോസ്റ്റുമോർട്ടം നടപടികൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ ചികിത്സയിലിരിക്കെ രോഗം മൂർച്ഛിച്ച് വീട്ടിൽ വച്ചോ ആശുപത്രിയിലേയ്ക്കുള്ള യാത്രാമദ്ധ്യേയോ മരണപ്പെടുന്നവരെ ആശുപത്രി അധികൃതർ പോസ്റ്റുമോർട്ടം നടപടികൾക്ക് വിധേയമാക്കിയതിന് ശേഷം മാത്രമേ മൃതശരീരം ബന്ധുക്കൾക്ക് വിട്ടുനൽകാറുള്ളൂവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒരു ഗവൺമെന്റ് ആശുപത്രിയിൽ മരിച്ച നിലയിലോ രോഗനിർണ്ണയം നടത്തുന്നതിന് മുമ്പ് രോഗി മരണപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ടായാൽ ആ വിവരം പോലീസിൽ അറിയിക്കേണ്ട ബാധ്യത അറ്റന്റ് ചെയ്യു ഡോക്ടർക്കുണ്ട്. പിന്നീട് സാഹചര്യങ്ങൾ അന്വേഷിച്ച് ശേഷം മൃതദേഹം വിട്ടുകൊടുക്കണോ എന്ന് തീരുമാനിക്കേണ്ടത് ഡോക്ടർമാരല്ല. പോലീസ് പോസ്റ്റ്മോർട്ടം വേണ്ട എന്ന് നിർദ്ദേശിച്ച് എഴുതിയാൽ മൃതദേഹം വിട്ടുകൊടുക്കുന്നതിൽ തടസ്സമില്ല |
| (ബി) | ഗുരുതരരോഗം ബാധിച്ച് മരണപ്പെടുന്ന രോഗികളെ പോസ്റ്റുമോർട്ടം നടത്തുന്നതിന് ഇത്തരത്തിൽ ആവശ്യപ്പെടുന്നത് കാരണം ആശുപത്രി അധികൃതരും മരണപ്പെടുന്നവരുടെ ബന്ധുക്കളും തമ്മിൽ പലപ്പോഴും തർക്കങ്ങൾക്ക് കാരണമാകാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | (ബി) | മരണകാരണം സംശയാസ്പദമാണെങ്കിൽ മേൽനടപടിയ്ക്കായി പോലീസിനെ അറിയിക്കുകയും അല്ലാത്തപക്ഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറുകയും ചെയ്യുന്നു. |
| (സി) | കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ എത്ര പോസ്റ്റുമോർട്ടങ്ങൾ നടത്തിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; എത്ര പോസ്റ്റുമോർട്ടങ്ങളാണ് ജില്ലാ ആശുപത്രിയിൽ നിന്നും മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തിട്ടുള്ളത്; ഈ സാഹചര്യത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | ജില്ലാ ആശുപത്രി പെരിന്തൽമണ്ണയിൽ പോസ്റ്റ് മോർട്ടം നടത്തിയ കേസുകൾ-50 റഫർ ചെയ്ത കേസുകൾ-13 Medico Legal Code പ്രകാരം സംശയമുള്ളതും Inquest report-ൽ മരണകാരണം അറിവാകാത്തതും മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് നടത്തിയതും ഡോക്ടർക്ക് മറ്റേതെങ്കിലും രീതിയിൽ സംശയമുള്ളതുമായ കേസുകൾ Forensic Surgeon പോസ്റ്റ്മോർട്ടം ചെയ്യണമെന്നാണ് നിയമം. നിലവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ Forensic Surgeon ഇല്ലാത്തതിനാൽ അങ്ങനെയുള്ള സാഹചര്യങ്ങളിൽ ചുരുക്കം ചില കേസുകൾ റഫർ ചെയ്യാറുണ്ട്. |
| (ഡി) | പോസ്റ്റുമോർട്ടം നടപടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിട്ടും പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിന്നും മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നതുമൂലം മരണപ്പെടുന്നവരുടെ ബന്ധുക്കൾക്കുണ്ടാവുന്ന പ്രയാസങ്ങൾ പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ